**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3077** 18-06-2019 -ൽ മറുപടിക്ക്

## കാലാവസ്ഥ മുന്നറിയിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഫോനി കൊടുങ്കാറ്റ് ഒറീസ്സയിൽ ആഞ്ഞടിച്ച് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിയിട്ടും മനുഷ്യജീവന് കാര്യമായ നഷ്ടം സംഭവിക്കാതിരുന്നത് കൃത്യമായ കാലാവസ്ഥ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ സുരക്ഷ നടപടികൾ കൈക്കൊണ്ടത് കൊണ്ടാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ഓഖിയും പ്രളയവും ഉണ്ടായപ്പോൾ ഒറീസ്സക്ക് നൽകിയത് പോലുള്ള മുന്നറിയിപ്പുകൾ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടും നൂറുകണക്കിന് ജീവൻ നഷ്ടമാകുവാൻ ഇടയാക്കിയത് സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനങ്ങൾ അതിന് അനുസൃതമായി സജ്ജമാകാതിരുന്നത് മൂലമാണോ എന്ന് വെളിപ്പെടുത്തുമോ? | ബി) | ഫോനി ചുഴലിക്കാറ്റ് കേന്ദ്രകാലവസ്ഥാ വകുപ്പ് നിരീക്ഷിക്കുവാനും മുന്നറിയിപ്പ് നൽകുവാനും ആരംഭിച്ചത് ഏപ്രിൽ 26 മുതൽ ആണ്. മേൽ ചുഴലിക്കാറ്റ് ഒറീസ്സ തീരത്ത് എത്തിയത് മെയ് 3-ാം തീയതി ആണ്. ഫോനി ചുഴലിക്കാറ്റ് ചുഴലിക്കാറ്റായി മാറിയത് 27-5-2019, 11.30 മണി മുതൽ ആണ്. 28-5-2019, ഉച്ചയ്ക്ക് 2 മണി മുതൽ ഈ ചുഴലിക്കാറ്റ് ഒറീസ്സ തീരത്ത് എത്തും എന്ന പ്രവചനം ഒറീസ്സ സർക്കാരിന് ലഭിച്ചു. ഇത്തരത്തിൽ, 5 ദിവസം മുൻപ് ഒരു മുന്നറിയിപ്പും കേരള സർക്കാരിന് ഓഖിയിൽ ലഭിച്ചില്ല. സംസ്ഥാന സർക്കാരിന്റെ അധികാരം ഉള്ള കടൽ മേഖലയിൽ നിന്നും വളരെ അകലെ ചുഴലിക്കാറ്റ് ആയി മാറിയ ശേഷം മാത്രം, നവംബർ 30-ാം തീയതിയാണ് കേരളത്തിന് ചുഴലികാറ്റ് മുന്നറിയിപ്പ് നൽകുന്നത്. |

| | | | |
|---|---|---|---|
| | | | "211th Report of the Parliamentary Standing Committee on Home Affairs on the Cyclone Ockhi - its impact on fishermen and damage caused by it" ന്റെ പാരഗ്രാഫ് 2.2.2 ൽ മുന്നറിയിപ്പ് കേന്ദ്ര കാലവസ്ഥാ വകുപ്പ് കൃത്യമായി നൽകിയില്ല എന്നു വ്യക്തമായി പ്രതിപാദിക്കുന്നു - "The committee observes that the advisory issued on 29th November did not clearly predict a cyclonic storm. Officially, a cyclone specific advisory was issued only on 30th November, the very date of the arrival of Cyclone Ockhi but by then many fishermen would have already ventured out to sea. This was a clear departure from the Standard Operating Procedure wherein the first cyclone specific advisory, the pre-cyclone watch, is issued three days prior to the landfall of the cyclone".<br>കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പിനും പ്രഖ്യാപനത്തിനും കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005 അനുസരിച്ചുള്ള നോഡൽ വകുപ്പ്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെയും (NDMA Guidelines – Management of Cyclones, 2008), കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും (Cyclone Warning in India – Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.<br>മേൽ മാനദണ്ഡ പ്രകാരം ഒരു ചുഴലിക്കാറ്റിന് മുൻപായി നാല് തലത്തിൽ ഉള്ള മുന്നറിയിപ്പ് നൽകേണ്ടതാണ്. ആദ്യഘട്ടം 72 മണിക്കൂറിന് മുൻപായി Pre-Cyclone Watch എന്ന അറിയിപ്പ് |

| | | | |
|---|---|---|---|
| | | | ലഭിക്കേണ്ടതാണ്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാനങ്ങളെ അറിയിക്കണം. ഇത്തരം ഒരു അറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചില്ല.<br>തുടർന്ന് രണ്ടാം ഘട്ടമായി 48 മണിക്കൂറിന് മുൻപായി Cyclone Alert എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്നും, ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും, ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർക്കുള്ള നിർദേശവും സംസ്ഥാനങ്ങളെ അറിയിക്കണം.<br>മൂന്നാം ഘട്ടമായി 24 മണിക്കൂറിന് മുൻപായി Cyclone Warning എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ തീരത്ത് എത്രമണിമുതൽ കാലാവസ്ഥ മോശമായി മാറുവാൻ സാധ്യതയുണ്ട് എന്നും, ചുഴലിക്കാറ്റിന്റെ തീവ്രത എന്താകും എന്നും ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും, ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർക്കുള്ള നിർദേശവും സംസ്ഥാനങ്ങളെ അറിയിക്കണം. ഈ അറിയിപ്പ് എല്ലാ മൂന്നു മണിക്കൂറും സംസ്ഥാനങ്ങൾക്ക് നൽകണം. ഇത്തരം ഒരു അറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചില്ല.<br>നാലാം ഘട്ടമായി 12 മണിക്കൂറിന് മുൻപായി Post Landfall Outlook എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റ് കരയിൽ എത്തുവാൻ സാധ്യതയുള്ള സ്ഥലം, ദിശ എന്നിവ ഉണ്ടാകണം.<br>കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013 ലെ ചുഴലിക്കാറ്റ് Standard Operating Procedure Page 9, Table 1.2 പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ |

| | | | |
|---|---|---|---|
| | | | ശുപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശുപാർശ. Cyclonic Storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' എന്ന നിർദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെയും (NDMA Guidelines - Management of Cyclones, 2008), കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും (Cyclone Warning in India - Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള Pre-Cyclone Watch, Cyclone Alert (Yellow Alert) എന്നിവ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.<br>29.11.2017 മുതൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ബുള്ളെറ്റിനുകൾ സർക്കാരിന് ലഭിച്ചതായി കാണുന്നു. ദുരന്ത സാഹചര്യമായി വിലയിരുത്താവുന്നതൊന്നും ഈ ബുള്ളെറ്റിനുകളിൽ 30-11-2017 വരെ ഇല്ലായിരുന്നു എന്ന് പരിശോധിച്ചാൽ വ്യക്തമാകും. സ്ഥിരമായി ലഭിക്കുന്ന ശക്തമായ മഴ, കാറ്റ്, കടൽ പ്രക്ഷുബ്ധം, മത്സ്യ തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നീ വിവരങ്ങൾ മാത്രമാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ